## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1213 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.ഐ.ബി.സതീഷ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണം എന്താണ്; ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാന്തുരുത്തിയിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽ നോട്ടത്തിൽ 'IMAGE' എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും ഉണ്ടാകുന്ന ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇവിടെ എത്തിക്കുകയും ഇവിടെയുള്ള ബയോ മെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗിച്ച് അവ സംസ്കരിക്കുകയും ചെയ്തു വരുന്നു. പ്രസ്തുത സംവിധാനത്തിൽ സ്ഥാപിച്ചിട്ടുള്ള 5 ഇൻസിനറേറ്ററുകളുടെ മൊത്ത ശേഷി 1500 kg/hr, ഓട്ടോക്ലേവുകളുടെ മൊത്ത ശേഷി 900 litre/cycle, ഷ്രെഡ്ഡറുകളുടെ (Shredder) മൊത്തശേഷി 900 kg/hr എന്നിങ്ങനെയാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിലാണ് ടി സംവിധാനം പ്രവർത്തിച്ചു വരുന്നത്. ബോർഡ്, ടി പ്ലാന്റിന്റെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചു വരുന്നു. നിലവിൽ 24 മണിക്കൂറും ടി സംവിധാനം നിരീക്ഷിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഒരു സർവൈലൻസ് വാൻ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നുണ്ടാകുന്ന ബയോ മെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്- 2016 ലെ വ്യവസ്ഥകൾ പാലിക്കാതെ പൊതുസ്ഥലത്തും പാതയോരങ്ങളിലും മാലിന്യങ്ങൾ പുറന്തള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ ഒരു സംഭവം ഇടുക്കി ജില്ലയിൽ 2016-ൽ ശ്രദ്ധയിൽപ്പെടുകയും അതിന്മേൽ പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ രാജക്കാടുള്ള രാജക്കാട് മെഡിക്കൽ സെന്റർ എന്ന സ്ഥാപനമാണ് വീഴ്ച വരുത്തിയതെന്ന് കാണുകയും പ്രസ്തുത സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രമോ ശാസ്ത്രീയമായ ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനമോ ഇല്ലാ എന്ന് മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് നോട്ടീസ് നൽകുകയും തുടർന്ന് അടച്ചു പൂട്ടാൻ ഉത്തരവ് നൽകുകയും ചെയ്തു. അതിനെ തുടർന്ന് ടി |

| | | | |
|---|---|---|---|
| | | | സ്ഥാപനം ബയോ മെഡിക്കൽ മാലിന്യം സംസ്കരണത്തിനായി ഇമേജിന് നൽകുവാൻ നടപടികൾ സ്വീകരിക്കുകയും ബോർഡിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ആശുപത്രി നേരിട്ട് പരിശോധിച്ച് മാലിന്യങ്ങൾ തൃപ്തികരമായി കൈകാര്യം ചെയ്യുന്നുവെന്ന് ബോധ്യപ്പെട്ട ശേഷമാണ് ബോർഡിന്റെ അനുമതി നൽകിയിട്ടുള്ളത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുവെന്ന പരാതി പരിശോധിക്കുമോ; | (സി) | ആശുപത്രികൾ 2016 - ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണ്. |
| (ഡി) | മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള വിവിധ നിയമങ്ങൾ പാലിക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | (ഡി) | സ്വകാര്യ ആശുപത്രികൾ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള വിവിധ നിയമങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരായി കർശനമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ